# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2023-2024



# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
# ജില്ലാ ഓഡിറ്റ് കാര്യാലയം
# പത്തനംതിട്ട-689645


# ഇ-മെയിൽ: dopta.ksad@kerala.gov.in
# ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ./ പി6/1210/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 13/12/2024
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ്

പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ./
പി6/1210/2024

തീയ്യതി: 13/12/2024

# പത്തനംതിട്ട ജില്ലയിലെ റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 54 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-12-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ

അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽകുമാർ റ്റി. | ഡെപ്യൂട്ടി ഡയറക്ടർ | 28-11-2024 | 07-12-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 28-11-2024 | 07-12-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീ.ഹരികുമാർ എം.,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി അശ്വതി വി.നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.മുഹമ്മദ് ഷാഫി വി.എം., ഓഡിറ്റർ
ശ്രീമതി സാജിത സലിം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.എസ്.മോഹനൻ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| | | | |

| | | | |
|---|---|---|---|
| ശ്രീ.സുനിൽകുമാർ എസ് | സെക്രട്ടറി | 01-04-2023 | 05-04-2023 |
| ആർക്കും ചാർജ് നൽകിയിട്ടില്ലാത്ത കാലയളവ് | സെക്രട്ടറി | 06-04-2023 | 17-04-2023 |
| ശ്രീ.മൈക്കിൾ സി | സെക്രട്ടറി | 18-04-2023 | 06-08-2023 |
| ശ്രീ.സുനിൽകുമാർ എൻ | സെക്രട്ടറി | 07-08-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീ (റ |
|---|---|---|---|
| ഡോ. പാർവതി കെ.ആർ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2023 | 31 2 |
| ഡോ.ആര്യ ആർ നായർ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2023 | 12 2 |
| ഡോ.ജിബിൻ സി | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 13-05-2023 | 08 2 |
| ഡോ.ദീപ ഹരിഹരൻ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 09-08-2023 | 31 2 |
| ഡോ. റംസിമോൾ സലാം | വെറ്ററിനറി സർജൻ | 01-04-2023 | 07 2 |
| ഡോ.സോനു മഹേഷ് | വെറ്ററിനറി സർജൻ | 08-07-2023 | 19 2 |
| ഡോ.രാഹുൽ കെ. നായർ | വെറ്ററിനറി സർജൻ | 20-07-2023 | 04 2 |
| ഡോ.സോനു മഹേഷ് | വെറ്ററിനറി സർജൻ | 05-10-2023 | 23 2 |
| ഡോ.അരുൺകുമാർ എ.വി | വെറ്ററിനറി സർജൻ | 24-01-2024 | 31 2 |
| ശ്രീ.സുഭാഷ്.പി | കൃഷി ഓഫീസർ | 01-04-2023 | 05 2 |

| | | | |
|---|---|---|---|
| ശ്രീമതി ശ്രീതി റ്റി.എസ് | കൃഷി ഓഫീസർ | 06-06-2023 | 3 2 |
| ശ്രീ.ജോജോ സേവ്യർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(1) | 01-04-2023 | 10 2 |
| ശ്രീമതി ചിഞ്ചു എസ് എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(1) | 11-07-2023 | 09 2 |
| ശ്രീ.വിഭു.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(1) | 10-08-2023 | 3 2 |
| ശ്രീമതി ചിഞ്ചു എസ് എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(2) | 01-04-2023 | 15 2 |
| ശ്രീ.സുജിത് എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(2) | 16-08-2023 | 3 2 |
| ശ്രീമതി അർച്ചന യു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 3 2 |
| ശ്രീമതി.സ്വപ്ന എസ്. പിള്ള | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 3 2 |
| ശ്രീ.സുനിൽ കുമാർ എസ് | അസി. സെക്രട്ടറി | 01-04-2023 | 05 2 |
| ആർക്കും ചാർജ് നൽകിയിട്ടില്ലാത്ത കാലയളവ് | അസി. സെക്രട്ടറി | 06-04-2023 | 14 2 |
| ശ്രീ.അബ്ദുൽ സലാം ഐ | അസി.സെക്രട്ടറി | 15-07-2023 | 3 2 |
| ശ്രീ.പ്രശാന്ത് കുമാർ എൻ | അസി.സെക്രട്ടറി | 01-09-2023 | 3 2 |
| ശ്രീ.ബൈജു തോമസ് | ഹെഡ് മാസ്റ്റർ | 01-04-2023 | 3 2 |
| ശ്രീമതി ഷൈജ എസ് | അസി.എഞ്ചിനീയർ | 01-04-2023 | 3 2 |
| ശ്രീമതി രജനി പി.കെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 3 2 |

-

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | മുൻവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുകകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-3 |
| 5 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-5 |
| 7 | പാർട്ട് ബിൽ ഇനത്തിലെ തുക യഥാർത്ഥ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ശബരിമല ഗ്രാന്റ് - അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-7 |
| 9 | കോവിഡ്- ബാധ്യതയായി കാണിച്ചിരിക്കുന്ന തുക കൃത്യമല്ല | 1-1-8 |
| 10 | റിഡംഷൻ ഇനത്തിൽ കാണിച്ചിരിക്കുന്ന തുക കൃത്യമല്ല | 1-1-9 |
| 11 | വസ്തു നികുതി - സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-1-11 |
| 13 | മുൻകൂർ നൽകിയതായി ഉൾപ്പെടുത്തിയ തുക കൃത്യമല്ല | 1-1-12 |
| 14 | പ്രതിമാസ ബാങ്ക് റെക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല | 1-1-13 |
| 15 | മുൻ കാലയളവ് (Prior Period) ഇനത്തിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല | 1-1-14 |

| | | |
|---|---|---|
| 16 | ഷെഡ്യൂൾ ബി-4 പ്രകാരം കാണിച്ചിരിക്കുന്ന ബാധ്യത തുകകളുടെ വിവരങ്ങൾ ലഭ്യമല്ല | 1-1-15 |
| 17 | ദുരിതാശ്വാസനിധി ഇനത്തിൽ ഉൾപ്പെടുത്തിയ തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല | 1-1-16 |
| 18 | ഗുണഭോക്തൃ വിഹിതം - ബാധ്യത രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല | 1-1-17 |
| 19 | ഐ.സി.ഡി.എസ്.കേന്ദ്രവിഹിതം ഇനത്തിലുൾപ്പെടുത്തിയ തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല | 1-1-18 |
| 20 | ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയതിൽ അപാകത | 1-1-19 |
| 21 | ചെലവുകൾ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല | 1-1-20 |
| 22 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല | 1-1-21 |
| 23 | ഇൻവെസ്റ്റ്മന്റ്- ഇകിറ്റി ഷെയർ ഇനത്തിലുൾപ്പെടുത്തിയ തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല | 1-1-22 |
| 24 | വസ്തുനികുതി സർചാർജ് ഇനത്തിലെ തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല | 1-1-23 |
| 25 | ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിലെ ആകെ ചെലവ് ഗ്രാന്റ് സ്റ്റേറ്റ്മന്റ്, ചെലവ് പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല | 1-1-24 |
| 26 | ഹെൽത്ത് ഗ്രാന്റ് ഇനത്തിലെ ചെലവ് ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല | 1-1-25 |
| 27 | ബാദ്ധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല | 1-1-26 |
| 28 | വായ്പ- നീക്കിയിരിപ്പ് കൃത്യമല്ല | 1-1-27 |
| 29 | ബജറ്റ് | 1-2 |
| 30 | സാമ്പത്തിക വിശകലനം | 1-3 |
| 31 | ഗ്രാന്റ് വിനിയോഗം | 1-4 |

| | | |
|---|---|---|
| 32 | പദ്ധതി അവലോകനം | 1-5 |
| 33 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 34 | ക്ഷേമ പദ്ധതികൾ | 1-7 |
| 35 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 36 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 37 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 38 | തനത് വിഭവ സമാഹരണം - അവലോകനം | 1-11 |
| 39 | വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചില്ല | 1-12 |
| 40 | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വസ്തുനികുതി ഈടാക്കുന്നില്ല | 1-13 |
| 41 | തൊഴിൽ നികുതി പിരിവ് പൂർണ്ണമല്ല | 1-14 |
| 42 | റേഷൻ കടകൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു | 1-15 |
| 43 | വളർത്തുനായ്ക്കളുടെ ലൈസൻസ് നൽകൽ/ പുതുക്കൽ എന്നിവയിൽ കൃത്യതയില്ല | 1-16 |
| 44 | വാടക കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു | 1-17 |
| 45 | ട്രാക്ടറിന്റെ ലേലനടപടികൾ പൂർത്തീകരിച്ച് പഞ്ചായത്തിലേക്ക് മുതൽകൂട്ടിയില്ല | 1-18 |
| 46 | ക്വാറിയുടെ സി.ഇ.ആർ പ്രവർത്തനം - തുടർ നടപടികൾ ഉറപ്പാക്കേണ്ടതാണ് | 1-19 |
| 47 | ഗ്രാന്റ് വിനിയോഗത്തിലെ കുറവ് - ഷോർട്ട് ഫോളിനത്തിൽ തുക നഷ്ടപ്പെടും | 1-20 |
| 48 | ലൈബ്രറി സെസ് അടവാക്കിയില്ല | 1- 21 |
| 49 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല | 1- 22 |
| 50 | പ്രത്യേക ഉദ്ദേശ്യഗ്രാന്റുകൾ ചെലവഴിക്കാൻ അവശേഷിക്കുന്നു | 1-23 |
| 51 | ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-24 |
| 52 | അങ്കണവാടികൾക്ക് ദിനപ്പത്രം- അനുബന്ധ വിവരങ്ങൾ ഹാജരാക്കിയില്ല | 1-25 |
| 53 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു | 1-26 |

| | | |
|---|---|---|
| 54 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ - മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കിയില്ല | 1-27 |
| 55 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - അവലോകനം | 1-28 |
| 56 | കുടിവെള്ള പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-29 |
| 57 | ഗ്രാമവണ്ടി- ചെലവ് രേഖകളില്ല;സർക്കാർ അനുമതിയില്ലാതെ വികസനഫണ്ട് ചെലവഴിച്ചു | 1-30 |
| 58 | ഫർണ്ണീച്ചറുകൾ ടെണ്ടർ കൂടാതെ വാങ്ങി- ഉയർന്ന വില നൽകി | 1-31 |
| 59 | പ്രസിഡന്ററിന് വാഹനം വാങ്ങൽ - അധികം തുക ചെലവഴിച്ചു | 1-32 |
| 60 | പഞ്ചായത്ത് ഓഫീസിന് അധികസൗകര്യം ഒരുക്കൽ - രേഖകൾ അപൂർണ്ണം | 1-33 |
| 61 | ഹോമിയോ ആശുപത്രിക്ക് മരുന്ന് - പൂർണ്ണമായും ലഭ്യമായില്ല | 1-34 |
| 62 | ആയുർവേദ ആശുപത്രിയിലെ ടോയ്‌ലറ്റ് നിർമ്മാണം പൂർത്തിയായില്ല | 1-35 |
| 63 | മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ - അപാകതകൾ | 1-36 |
| 64 | ശുചീകരണത്തിന് വാഹനം വാങ്ങൽ-ടെണ്ടർ നടപടികളിൽ വീഴ്ച | 1-37 |
| 65 | ഘടക സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ; ചെലവ് രേഖകൾ അപൂർണ്ണം | 1-38 |
| 66 | മരണമടഞ്ഞ സാമൂഹ്യ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്തില്ല – സർക്കാർ ഖജനാവിന് 51200 രൂപയുടെ നഷ്ടം | 1-39 |
| 67 | കരാറിലേർപ്പെട്ട മരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയില്ല | 1-40 |
| 68 | 35.18 ലക്ഷം രൂപയുടെ ചെലവ് രേഖകൾ ലഭ്യമല്ല - തുക തടസ്സപ്പെടുത്തുന്നു | 1-41 |
| 69 | സ്പിൽ ഓവർ അക്കാതെ പദ്ധതി തുക ചെലവഴിച്ചു; രേഖകൾ ലഭ്യമാക്കിയില്ല | 1-42 |
| 70 | UPI പേയ്മെന്റ് അക്കൗണ്ടിലെ തുക തനതു ഫണ്ട് അക്കൗണ്ടിലേക്ക് കൃത്യമായി ട്രാൻസ്ഫർ | 1-43 |

| | | |
|---|---|---|
| | ക്രെഡിറ്റ് ചെയ്യുന്നില്ല | |
| 71 | എം.എസി.എഫിലേക്ക് ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കൽ-ടെണ്ടർ നടപടിക്രമങ്ങളിൽ വീഴ്ച | 1-44 |
| 72 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം-നടപടിക്രമങ്ങളിലെ അപാകതകൾ | 1-45 |
| 73 | പദ്ധതി നിർവ്വഹണത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഉദാസീനത | 1-46 |
| 74 | ലൈഫ് ഭവന പദ്ധതി - ലോൺ അക്കൗണ്ടിൽ നിന്നുള്ള ചെലവും, പദ്ധതി ചെലവും തമ്മിൽ 60000 രൂപയുടെ അന്തരം | 1-47 |
| 75 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മ സേനയിലൂടെ | 1-48 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | മരണമടഞ്ഞ സാമൂഹ്യ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്തില്ല – സർക്കാർ ഖജനാവിന് 51200 രൂപയുടെ നഷ്ടം | 3-1 |
| 2 | പ്രസിഡന്റിന് വാഹനം വാങ്ങൽ- അധികം തുക ചെലവഴിച്ചു | 3-2 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

## അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാ
പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗ
തീയതിയിലെ ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റ് ഉൾപ്പെടെയുള്ള ധനക
ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്ത
ഭരണസമിതിയുടെ 20/06/2024 തീയതിയിലെ 2(1)-ാം നമ്പർ തീരുമ
26/06/2024-ൽ എയിംസിലൂടെ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തു
പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാ
കേരള പഞ്ചായത്ത്രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ
ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേ
ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മ
എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർ
ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാല
മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും, ഞാൻ ഓഡിറ്റിന് വ
അക്കൗണ്ടുകൾ തയ്യാറാക്കേണ്ടത് പഞ്ചായത്ത് രാജ് സ്ഥാ
ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഉ
അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി.&എ.ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേ
സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാ
അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാ
വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ
ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നട
മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷി
വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ
ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള
തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തു
മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിന
അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പേ
വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും
അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ
ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ
അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങ
ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടുകൂടിയ അഭിപ്രായ

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അ
വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങ

പെരുനാട് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർ
31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപ
സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽ

പത്തനംതിട്ട
13/12/2024

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്ര കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 62 പ്രകാരമുള്ള അട (Ratios), സെക്രട്ടറിയുടെ കുറിപ്പുകൾ (Notes On Accounts) എന്നിവ വാർ സമർപ്പിച്ചിട്ടില്ല.

## 1-1-2 മുൻവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ന തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിര

2022-23 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാദ്ധ്യത തുകകൾ ത രേഖപ്പെടുത്തിയതിൽ വ്യത്യാസമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്ക

| ഇനം | 2022-23 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമു തുക |
|---|---|
| ICDS | 592 |
| Health Grant Towards Support For Diagnostic Infrastructure To The PHCs | 444 |
| Health Grant Towards Buildingless Subcenters, PHCs And CHCs | 268 |
| Central Finance Commission Grant- Basic Tax Grant | 3941 |
| Central Finance Commission Grant- Tied Fund | 106022 |
| Joint Venture Projects(Cap. Exp.)- From Block Panchayath | 132 |
| Joint Venture Projects(Rev. Exp.)- From Block Panchayath | 4497 |
| Joint Venture Projects(Rev. Exp.)- From Dist. Panchayath | 3566 |

## 1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റിന്റെ കൃത്യത ഓഡിറ്റി സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലേ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ഭ പൊരുത്തപ്പെടുന്നില്ല.

## 1-1-4 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേ

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ്, വാടക എന്നീ ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല ഡിമാന്റ് എൻട്രികളും 2024 മാർച്ച് 31-നാണ് ബുക്ക് ചെയ്തിരിക്കുന്നത്.

## 1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിൽ ആസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്ക രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-6 പാർട്ട് ബിൽ ഇനത്തിലെ തുക യഥാർത്ഥ ശീർഷ ഉൾപ്പെടുത്തിയിട്ടില്ല

**ഷെഡ്യൂൾ ബി-11(ബി)**: തൻവർഷത്തെ പാർട്ട് ബിൽ ഇനത്തിലുള്ള 68 ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-7 ശബരിമല ഗ്രാന്റ് - അക്കൗണ്ടിംഗ് കൃത്യമല്ല

**ഷെഡ്യൂൾ ബി-4:** ശബരിമല ഗ്രാന്റിനത്തിൽ ഗ്രാമപഞ്ചായത്തിന് 15, 30) അത്ര തന്നെ ചെലവഴിച്ചതായുമാണ് (I-6) വാർഷി ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇത് ശബരിമല ഗ്രാന്റുമായി ബന്ധ പ്രോജക്ടുകളിലെ ചെലവുമായോ പൊരുത്തപ്പെടുന്നില്ല. ശബരിമല രജിസ്റ്ററിൽ വരവുചെലവുകൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. സൂക്ഷിക്കുകയോ നീക്കിയിരിപ്പായി അവശേഷിക്കുന്ന തുക ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

## 1-1-8 കോവിഡ്- ബാധ്യതയായി കാണിച്ചിരിക്കുന്ന ത

**ഷെഡ്യൂൾ ബി-4:** Donations Related To Pandemic/Epidemic Control എന്ന കാണിച്ചിരിക്കുന്ന തുക 2076455 രൂപയാണ്. എന്നാൽ ബന്ധ അവശേഷിച്ചിരിക്കുന്ന തുക 1863587 രൂപയാണ്.

## 1-1-9 റിഡംഷൻ ഇനത്തിൽ കാണിച്ചിരിക്കുന്ന തുക

**ഷെഡ്യൂൾ ബി-15:-**

I) 31.03.2023-ൽ സർക്കാർ കുറവ് ചെയ്ത 4898506 രൂപ 04.04.2023 ഈയിനത്തിൽ ട്രയൽ ബാലൻസിൽ മുന്നിരിപ്പായി ഉൾപ്പെടുത്തിയിര 1000642 രൂപ അധികമായി ഉൾപ്പെടുത്തിയിരിക്കുന്നു.

Ii) സംയുക്തപദ്ധതിയ്ക്കായുള്ള ട്രഷറി അക്കൗണ്ടിൽ നിന്നും 26 അക്കൗണ്ടിൽ നിന്നും 99125 രൂപയും ഉൾപ്പെടെ 2796766 രൂപ 30. ചെയ്തിരുന്നു. എന്നാൽ ഷെഡ്യൂൾ ബി-15 പ്രകാരം റിഡംപ്ഷൻ തുക 3797408 രൂപയാണ്. മുന്നിരിപ്പിൽ അധികമായി ഉൾപ്പെടു സംയുക്തപദ്ധതിയ്ക്കായുള്ള ട്രഷറി അക്കൗണ്ടിൽ നിന്നും തിരിച്ചുപി

ഉൾപ്പെടുന്നു. ഷെഡ്യൂൾ ബി-4 ൽ സംയുക്തപദ്ധതിയ്ക്കായുള്ള കാണിച്ചിട്ടില്ല. ഈയിനത്തിലെ തുക സർക്കാർ തിരിച്ചുപിടിച്ച തുകയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല.

## 1-1-10 വസ്തു നികുതി - സഞ്ചയ പ്രകാരമുള്ള വാർഷി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-1, RP-43, B-15, B-9 എന്നിവ ഡിമാന്റ്, കളക്ഷൻ, ബാലൻസ്, മുൻകൂർ തുകകൾ സഞ്ചയ സേ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-11 ഡെപ്പോസിറ്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം സാക്ഷ്യപ്പെടുത്തിയിട്ടില്ല

**ഷെഡ്യൂൾ ബി**7: പ്രകാരം 627570 രൂപ നീക്കിയിരിപ്പായി കാണിച്ചി തുകയുടെ കൃത്യത ബോധ്യപ്പെടുന്ന തരത്തിൽ രജിസ്റ്ററിൽ രേ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷ

## 1-1-12 മുൻകൂർ നൽകിയതായി ഉൾപ്പെടുത്തിയ തുക

**ഷെഡ്യൂൾ B-18**:-

I) Advance To Implementing Agencies- Deposit With GWD എന്നയിനത്ത ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 220/24 നമ്പർ പദ്ധതിക്കായി 67500 രൂപ നിക്ഷേപിച്ചിട്ടുള്ളത്. ടോയ്‌ലറ്റ് നിർമ്മാണം ഇനത്തിൽ നൽകിയ 6750 തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു.

Ii) Advance To Gramalakshmi Mudralayam എന്നയിനത്തിൽ ഉൾപ്പെടുത്തിയി രജിസ്റ്ററുകൾ എന്നിവയുടെ വിലയായി ഗ്രാമലക്ഷ്മി മുദ്രാലയത്തിന അഡ്വാൻസ് ഇനത്തിൽ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു.

Iii) കെ.എസ്.ഇ.ബി, കെ.ഡബ്ലൂ.എ, ഭൂജല വകുപ്പ്, അനർട്ട്, പി.ഡബ്ലൂ. മുൻകൂർ നൽകിയ ഇനത്തിൽ വലിയ തുക ക്രമീകരിക്കാൻ സ്ഥാപനങ്ങളിൽ നിക്ഷേപിച്ചതും വിനിയോഗ സാക്ഷ്യപത്രം ലഭി കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നി

## 1-1-13 പ്രതിമാസ ബാങ്ക് റെക്കൺസലിയേഷൻ പത്രി

വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റെക്കൺസലിയേഷൻ ചുവടെ ചേർക്കുന്ന അക്കൗണ്ടുകളുടെ പാസ്ബുക്ക്/ബാങ്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| അക്കൗണ്ട് | 31-03-202 നീക്കിയ |
|---|---|
| Central Bank- Drought (6767) | |
| Other Co-Operative Bank ( 4640) | |

| | |
|---|---|
| Treasury I-3 (13) | |
| Treasury I-2 (12) | |

## 1-1-14 മുൻ കാലയളവ് (Prior Period) ഇനത്തിലെ തുകക ബോധ്യപ്പെട്ടിട്ടില്ല

**ഷെഡ്യൂൾ ഐ-19:** Prior Period Income ശീർഷകത്തിൽ ഉൾപ്പെടുത അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് വർക്ക്ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ശീർഷകങ്ങൾ പ്രകാരമുള്ള രേഖപ്പെടുത്തലുകളുടെ കൃത്യത ഉറപ്പ് വര

| ശീർഷകം | തുക |
|---|---|
| Prior Period Income- Property Tax | |
| Prior Period Income- Profession Tax | |
| Prior Period Income- Rent From Building | - |
| Prior Period Income- License Fee | |
| Prior Period Income- Other Income | 17 |
| **ആകെ** | **17** |

## 1-1-15 ഷെഡ്യൂൾ ബി-4 പ്രകാരം കാണിച്ചിരിക്കുന്ന ബ വിവരങ്ങൾ ലഭ്യമല്ല

**ഷെഡ്യൂൾ ബി-4:** 320200301, 320200304, 320200399, 320400199 എന്നീ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്ന തുകകൾ ഏതിനത്തിൽ ഉൾപ്പെ യാതൊരു രേഖകളും സൂക്ഷിക്കുകയോ പരിശോധനക്ക് ഹാജരാക്കു ഉദ്ദേശ്യ ഗ്രാന്റുകൾ സംബന്ധിച്ച രജിസ്റ്ററിലും കൃത്യമായ രേഖപ്പെടു പ്രസ്തുത ബാധ്യതാ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

## 1-1-16 ദുരിതാശ്വാസനിധി ഇനത്തിൽ ഉൾപ്പെടുത്തിയ ബോദ്ധ്യപ്പെട്ടിട്ടില്ല

**ഷെഡ്യൂൾ B-2:** ദുരിതാശ്വാസ നിധിയിനത്തിൽ 1097 രൂപ ഉൾപ്പെ പ്രത്യേകം ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടില്ലാത്തതിനാൽ നീക്കിയ ബോദ്ധ്യപ്പെട്ടിട്ടില്ല.

## 1-1-17 ഗുണഭോക്തൃ വിഹിതം - ബാധ്യത രേഖപ്പെടുത തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല

**ഷെഡ്യൂൾ ബി-4:** Beneficiary Contribution - ബാലൻസായി രേഖപ്പെടുത്തി കൃത്യത ബോധ്യപ്പെടുന്നതിനാവശ്യമായ രേഖകൾ ഇല്ല.

## 1-1-18 ഐ.സി.ഡി.എസ്.കേന്ദ്രവിഹിതം ഇനത്തിലുൾ തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല

**ഷെഡ്യൂൾ ബി-4, ആർ.പി-30:** ഐ.സി.ഡിഎസ്. കേന്ദ്രവിഹിതം ഇ
(ഷെഡ്യൂൾ RP-30) ഈ തുക തന്നെ നീക്കിയിരിപ്പായും (ഷെഡ്യൂൾ ബി-
മുൻവർഷം നീക്കിയിരിപ്പായി ഉണ്ടായിരുന്ന 592638 രൂപ
ഉൾപ്പെടുത്തിയിട്ടില്ല. (റാന്നി അഡീഷണൽ ശിശുവികസന പദ്ധതി
ഐ.സി.ഡിഎസ്/ആർ.എൻ.ഐ.എ.ഡി.എൽ/36/24 നമ്പർ കത്ത്
ഗ്രാമപഞ്ചായത്തിന് 2023-24-ൽ അനുവദിച്ച SNP യുടെ കേന്ദ്രവിഹിതം 68

## 1-1-19 ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയതിൽ അ

**ഷെഡ്യൂൾ ബി-11(എ)**: ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തിയിൽ
ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു (Accumulated Depreciation-
₹2589324).

## 1-1-20 ചെലവുകൾ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷ ചെയ്തില്ല

**ഷെഡ്യൂൾ ബി-11(ഇ):** വാഹനം വാങ്ങുന്നതിനായി 15,70,933 രൂപ
(415140001) പ്രകാരം 12,50,905 രൂപയാണ് ഈയിനത്തിൽ ഉൾപ്പെടുത്തിയ
Tax (220100302 ) എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-1-21 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനത് ഫണ്ടി മുതൽകൂട്ടിയിട്ടില്ല

മുൻവർഷത്തെ നിക്ഷേപങ്ങൾ സംബന്ധിച്ച് ഡെപ്പോസിറ്റ് രജിസ്റ്റർ പ്ര
അനുസരിച്ച് 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിലെ 194 നി
തനത് ഫണ്ട് അക്കൗണ്ടിലേക്ക് റീഫണ്ട് ചെയ്യാതെ അവശേഷിക്കുന്നു.

## 1-1-22 ഇൻവെസ്റ്റ്മന്റ്- ഇകചിറ്റി ഷെയർ ഇനത്തിലു തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല

**ഷെഡ്യൂൾ ബി-12:** ഇൻവെസ്റ്റ്മന്റ് - ഇകചിറ്റി ഷെയർ ഇനത്തിൽ 46900
ഇതുമായി ബന്ധപ്പെട്ട രേഖകൾ, ഇൻവെസ്റ്റ്മന്റ് രജിസ്റ്റർ
ലഭ്യമാക്കിയിട്ടില്ല.

## 1-1-23 വസ്തുനികുതി സർചാർജ് ഇനത്തിലെ തുകയു ബോദ്ധ്യപ്പെട്ടിട്ടില്ല

**ഷെഡ്യൂൾ ബി-15:** Receivable For Surcharge On Property Tax (Current) ₹422565, R
Tax (Arrears) ₹792281 എന്നീയിനങ്ങളിൽ തുക രേഖപ്പെടുത്തിയിരിക്കു
ബോദ്ധ്യപ്പെട്ടിട്ടില്ല.

## 1-1-24 ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിലെ ആകെ സ്റ്റേറ്റ്മന്റ്, ചെലവ് പത്രിക എന്നിവയുമായി പൊരു

**ഷെഡ്യൂൾ ഐ-6:** ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിലെ ആകെ ചെ
ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മന്റ് എന്നിവയിലെ ആകെ ചെലവുമാ
പൊരുത്തപ്പെടുന്നില്ല.

## 1-1-25 ഹെൽത്ത് ഗ്രാന്റ് ഇനത്തിലെ ചെലവ് ബന്ധപ്പെ അക്കൗണ്ടിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല

**ഷെഡ്യൂൾ ഐ-6:** Grants For Specific Purposes - Health Grant Towards Buildin
എന്നയിനത്തിനായുള്ള ബാങ്ക് അക്കൗണ്ടിൽ ചെലവില്ല. ഷെഡ്യൂൾ ഐ
രൂപ ചെലവ് ഉൾപ്പെടുത്തിയിരിക്കുന്നു. ഈ തുക Health Grant Towards Conv
Health And Wellness Centers എന്നയിനത്തിനായുള്ള ബാങ്ക് അക്കൗണ്ടിൽ നി

## 1-1-26 ബാദ്ധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്ന തുക ബോദ്ധ്യപ്പെട്ടിട്ടില്ല

**ഷെഡ്യൂൾ ബി-9:-**

I) Recoveries Payable - General Provident Fund (350200101) ഇനത്തിൽ ഉൾപ്പെടു
രൂപ അടവാക്കിയിട്ടുണ്ട് (വൗച്ചർ നം. 22400046/22.04.2024). അ
അടവാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

Ii) Recoveries Payable – Dues To Other Local Government Institutions (350200115) ഇന
ഉൾപ്പെടുത്തിയിട്ടുണ്ട്. തുക അടവാക്കിയതിന്റെ വിവരമോ തുക ഏ
സ്ഥാപനത്തിന് നൽകാനുള്ളതാണെന്നതിന്റെ വിവരമോ ലഭ്യമാക്കി

## 1-1-27 വായ്പ- നീക്കിയിരിപ്പ് കൃത്യമല്ല

**ഷെഡ്യൂൾ ബി-5:** ലോണിനത്തിലെ വാർഷിക ധനകാര്യപത്രിക
യഥാർത്ഥ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. ലൈഫ് പദ്ധതി
No. 6601201000010 (സ്റ്റേറ്റ് ഷെയർ), A/C No. 110044674775 (KURDFC) എന്നി
നിലവിലുണ്ട്. 110044674775 നമ്പർ അക്കൗണ്ടിൽ വരവു വന്ന
ലോണിനത്തിലെ വരവായി വാർഷിക ധനകാര്യ പത്രികയിൽ (RP-
എന്നാൽ 6601201000010 നമ്പർ അക്കൗണ്ടിൽ ലോണിനത്തിൽ 8000000
അപ്രകാരം ആകെ 9220000 രൂപ ലോണിനത്തൽ വരവുണ്ട്. ആയത്
അവശേഷിക്കുന്നത് 17807192 രൂപയാണ്.

## 1-2 ബജറ്റ്

| | |
|---|---|
| ബജറ്റ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പാസ്സാക്കിയ തീയതി | 16.03.2023 |
| ബജറ്റ് ജനറൽ കമ്മിറ്റി പാസ്സാക്കിയ തീയതി, തീരുമാന നമ്പർ | 25.03.2023, 1(1) |
| റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയതി, തീരുമാന നമ്പർ | റിവൈസ്ഡ് ബജറ്റ് ത അംഗീകാരം നേടി |

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 പ്രകാരം അടു

നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ാം തീയതിയ്ക്ക് മുമ്പ കമ്മിറ്റികൾ സെക്രട്ടറിയും, അതാത് വിഷയങ്ങൾ കൈകാര്യം ന നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചു കൊണ്ട് തയ്യാറാ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. സെക്ഷൻ 214, 1(എ) ഉ സ്റ്റാന്റിംഗ് കമ്മിറ്റി അതിൽനിന്നും ഒരു ബഡ്ജറ്റ് തയ്യാറാക്കേണ്ടതും, ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പായി പഞ്ചായത്തിന് വയ്ക്കേണ്ടതുമാണ്. എന്നാൽ തൻവർഷത്തെ ബജറ്റ് മാർച്ച് 25-നാണ് തയ്യാറാക്കുന്നതിൽ നിയമം അനുശാസിക്കുന്ന സമയക്രമം പാലിച്ചിട്ടി

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവും യഥാർത്ഥ വരവ് ചെല

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലു | |
|---|---|---|---|
| | ബജറ്റ് പ്രകാരം | (റസീറ്റ് & പേയ്മെന്റ് പ്രകാരം) | (ഇൻകം & എക്സ്പെ പ്രകാരം) |
| മുന്നിരിപ്പ് | 1831260 | 26107532 | |
| വരവ് | 346522190 | 64158610 | |
| ആകെ | 348353450 | 90266142 | |
| ചെലവ് | 346652450 | 48030540 | |
| നീക്കിയിരിപ്പ് | 1701000 | 42235602 | |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | റസിപ്റ്റ് & പെയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡീ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 26107532 | |
| വരവ് | 64158610 | 1638824 |
| ആകെ | 90266142 | |
| ചെലവ് | 48030540 | 155200 |
| നീക്കിയിരിപ്പ് | 42235602 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെ |
|---|---|---|---|---|
| വികസന ഫണ്ട്- പൊതു വിഭാഗം | - | 25235000 | 25235000 | 217 |
| വികസന ഫണ്ട്- എസ്.സി.പി. | - | 8629674 | 8629674 | 64 |
| വികസന ഫണ്ട്- റ്റി.എസ്.പി. | - | 4024000 | 4024000 | 30 |

| | | | | |
|---|---|---|---|---|
| കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഗ്രാന്റ്) | 10393206 | 3123184 | 13516390 | 25 |
| കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺറൈറ്റഡ് ) | 3626391 | 4520881 | 8147272 | 17 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | - | 16304000 | 16304000 | 112 |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | - | 4225400 | 4225400 | 29 |
| **സംസ്ഥാനാവിഷ്കൃത ഫണ്ട്** | | | | |
| സാക്ഷരത | 21988 | 0 | 21988 | |
| ശബരിമല ഗ്രാന്റ് | 3039110 | 1500000 | 4539110 | 29 |
| ശുചിത്വ മിഷൻ | 90000 | 0 | 90000 | |
| വരൾച്ച ദുരിതാശ്വാസ ഗ്രാന്റ് | 17763 | 0 | 17763 | |
| **കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | |
| ഐ.സി.ഡി.എസ്. | 592638 | 689053 | 1281691 | |
| എം.ജി.എൻ. ആർ.ജി.എസ് | 51933 | 38726681 | 38778614 | 374 |
| ഹെൽത്ത് ഗ്രാന്റ്-ബിൽഡിംഗ് ലെസ്സ് സബ്സെന്റർ | 272564 | 358629 | 631193 | 5 |
| ഹെൽത്ത് ഗ്രാന്റ്-ഇൻഫ്രാസ്ട്രക്ച്ചർ | 450846 | 834552 | 1279454 | 3 |
| ഹെൽത്ത് ഗ്രാന്റ്-ഹെൽത്ത് ആന്റ് വെൽനെസ്സ് സെന്റർ | 0 | 8432112 | 8432112 | |

ജനറൽ പർപ്പസ് ഗ്രാന്റായി തൻവർഷം 9 ഗഡുക്കളിലായി (1050100x9) ലഭിച്ചിട്ടുണ്ട്.

## അപാകങ്ങൾ

പ്രത്യേക ഉദ്ദേശ്യഗ്രാന്റുകൾ സംബന്ധിച്ച രജിസ്റ്റർ കൃത്യമായി ന ഷെഡ്യൂൾ ബി-4-ൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ( വിവരങ്ങൾ, പാസ്ബുക്ക് എന്നിവ പ്രകാരമുള്ള വിവ ഉൾപ്പെടുത്തിയിട്ടുള്ളത്.

1) മുൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ഐ.സി.ഡി.എസ്. കേന്ദ്രവിഹി മുന്നിരിപ്പുണ്ട്. റാന്നി അഡീഷണൽ ശിശുവികസന പദ്ധതി ( ഐ.സി.ഡിഎസ്./ആർ.എൻ.ഐ.എ.ഡി.എൽ./36/24 നമ്പർ കത്ത് (

ഗ്രാമപഞ്ചായത്തിന് അനുവദിച്ച കേന്ദ്രവിഹിതം 689053 രൂപയാണ്. ചെലവില്ല. ഇതുപ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ധനകാര്യപത്രികയിൽ ഈയിനത്തിൽ 1363389 രൂപ വരവായിട്ടും (ഷെ നീക്കിയിരിപ്പായിട്ടും (ഷെഡ്യൂൾ ബി-4) ഉൾപ്പെടുത്തിയിരിക്കുന്നു. ഇത സൂക്ഷിക്കുന്നില്ല.

2) മുൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ശബരിമല ഗ്രാന്റിനത്തിൽ തൻവർഷം 1500000 രൂപ വരവുണ്ട്. തൻവർഷം ലഭിച്ച തുകയിൽ 14 രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2022-23 -ൽ ചെലവായി ശബ ഉൾപ്പെടുത്തിയവയിൽ 1508902 രൂപ തൻവർഷമാണ് നൽകിയ (1490703+1508902=2999605) ചെലവായി പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള ഈയിനത്തിൽ 1500000 രൂപ വരവും ചെലവുമായി കാണിച്ചിരിക്കുന്ന പ്രത്യേക അക്കൗണ്ട് സൂക്ഷിക്കുന്നില്ല.

3) ഹെൽത്ത് ഗ്രാന്റിനങ്ങളിൽ ബാങ്ക് ബുക്ക് പ്രകാരമുള്ള ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് മുൻ റിപ്പോർട്ടിലെ തുകയുമായി പൊ Specific Purposes- Health Grant Towards Buildingless Subcenters, PHCs And CHCs എ അക്കൗണ്ടിൽ ചെലവില്ല. ഷെഡ്യൂൾ ഐ-6- ൽ ഈയിനത്തി ഉൾപ്പെടുത്തിയിരിക്കുന്നു. ഈ തുക Health Grant Towards Conversion Of PH Wellness Centers എന്നയിനത്തിനായുള്ള ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള ചെ

4) ഷെഡ്യൂൾ I-6 പ്രകാരമുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റിന (1832277+2592397= 4424674) ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ (1758800+2581581=4340381) പൊരുത്തപ്പെടുന്നില്ല.

**ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ**

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശ

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | ( |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 1 |
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 1 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 1 |
| വികസന ഫണ്ട്-ടി.എസ്.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 1 |

2) സർക്കാർ അനുവദിച്ച ഗ്രാന്റ് തുകകൾ പൂർണ്ണമായും വെബ് സാംഖ ചെലവിൽ ഈ തുക ഉൾപ്പെടുത്തിയിട്ടുമുണ്ട്. ആയതിനാൽ ഗ്ര ഇനങ്ങൾക്ക് നെഗറ്റീവ് ബാലൻസ് ആണ് (ഉദാ. വികസന ഫണ്ട് - ടി.എസ്

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയ്ക്ക് പഞ്ചായത്ത് ഭര 1-ാം നമ്പർ തീരുമാന പ്രകാരം ഭരണാനുമതി നൽകി. ജില്ലാ ആസൂത്രണ RO1-389/2023/DPC/DPO/PTA നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധത ലഭിച്ചിട്ടുണ്ട്.

തൻവർഷം വർക്കിംഗ് ഗ്രൂപ്പ് 12-1-2023-ൽ പുനസംഘടിപ്പിച്ചു. വാർ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | തീയതി |
|---|---|
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 15-12-2022 മുതല വരെ |
| ആസൂത്രണസമിതി യോഗം | 30-11-2022 |
| വികസന സെമിനാർ | 10-1-2023 |
| ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഗ്രാമസഭകൾ | 2-5-2023 |
| ഭിന്നശേഷി ഗ്രാമസഭ | 7-1-2023 |

(1) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്ത (എണ്ണം) |
|---|---|---|---|---|
| 266 | 337381359 | 146 | 73117676 | 120 |

(2) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത തുക |
|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 3 | 3 | 9 |
| 2 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 6 | 5 | 32 |
| 3 | കൃഷി ഓഫീസർ | 20 | 18 | 149 |
| 4 | സെക്രട്ടറി | 80 | 48 | 295 |
| 5 | വെറ്ററിനറി സർജൻ | 6 | 5 | 10 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 16 | 9 | 1215 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ | 14 | 9 | 921 |

| | | | | |
|---|---|---|---|---|
| | ഓഫീസർ II | | | |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 21 | 6 | 96 |
| 8 | ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 2 | 28 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 11 | 3 | 42 |
| 10 | ഹെഡ്മാസ്റ്റർ | 8 | 1 | 23 |
| 11 | അസിസ്റ്റന്റ് എഞ്ചിനീയർ | 77 | 36 | 546 |
| 12 | ഫിഷറീസ് ഓഫീസർ | 2 | 2 | 1 |
| | **ആകെ** | 266 | 146 | 3373 |

തൻവർഷം പദ്ധതി നിർവ്വഹണം കാര്യക്ഷമമായിരുന്നില്ലെന്ന് ക നിർവ്വഹണ ഉദ്യോഗസ്ഥരിൽ മെഡിക്കൽ ഓഫീസർ (ആയുർവേദം ചെലവ് കൈവരിച്ചിട്ടുള്ളത്.കൃഷി ഓഫീസർ, ഫിഷറീസ് ഓഫീസർ, ഹെഡ്മാസ്റ്റർ, അസിസ്റ്റന്റ് സെക്രട്ടറി,ഐ.സി.ഡി.എസ് സൂപ്പർവൈ ഓഫീസർ(1),(2), വെറ്ററിനറി സർജൻ, കൃഷി ഓഫീസർ എന്നീ നി ചെലവ് ശതമാനം 40%-ൽ താഴെ മാത്രമാണ്. സമൂഹത്തിൽ ദാരിദ്ര്യ ജനവിഭാഗങ്ങൾക്കായി പ്രോജക്ടുകൾ ആവിഷ്കരിച്ച നടപ്പാക്കുന്ന സൂപ്പർവൈസർ എന്നിവർ നിർവ്വഹണം നടത്തുന്ന പദ്ധതികളിൽ വിഭാഗങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകാൻ സാധിച്ചി നിരവധി ബില്ലുകൾ ക്യൂബില്ലിൽ ഉൾപ്പെട്ടതിനാലും, ഫണ്ട് ലഭ്യമാക ഇലക്ഷനുമായി ബന്ധപ്പെട്ട പെരുമാറ്റചട്ടം നിലവിൽവന്നതുമാണ് പ്രോ കാരണമായി നിർവ്വഹണ ഉദ്യോഗസ്ഥർ വിശദീകരിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് സംയുക്ത പദ്ധതികൾ ആവിഷ വകയിരുത്തുന്നത് സംബന്ധിച്ച് പങ്കാളിത്ത സ്ഥാപനങ്ങളുമായി പഠന പ്രോജക്ട് നിർവ്വഹണം ഏകോപിപ്പിക്കുന്നതിന് സാധിച്ചിട്ടില്ല. ആവിഷ്കരിക്കുമ്പോൾ പങ്കാളിത്ത സ്ഥാപനങ്ങളുമായി മതിയായ കൂടി തുകകൾ വകയിരുത്തുകയും, നിർവ്വഹണ വേളയിൽ ഫണ്ട് ലഭ്യമാകാ ചെയ്തു. റാന്നി പെരുനാട് പഞ്ചായത്തിലെ ആദിവാസികളായ മല സ്കൂൾകുട്ടികൾക്ക് ഭക്ഷണം നൽകുന്നതിന് സുന്ദരബാല്യം, സുഭക്ഷിത ആവിഷ്കരിച്ചിരുന്നു. സ്കൂൾ ദിവസങ്ങളിൽ രണ്ടു നേരവും, അല്ലാത്ത ദി ഭക്ഷണം കുടികളിൽ കൊണ്ടുപോയി കൊടുക്കുന്നതിനായിരുന്നു ബ്ലോക്ക്പഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രോജക്ടായി ഗ്രാമപഞ്ചായത്ത് അടങ്കൽ ചേർത്തിരിക്കുന്നതിന് ഐക്യരൂപമി ചേർക്കുന്നു.

| സ്ഥാപനം, പ്രോജക്ട് നം. | പഞ്ചായത്ത് വിഹിതം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
|---|---|---|

| | | |
|---|---|---|
| റാന്നി ബ്ലോക്ക് പഞ്ചായത്ത് (33/24) | -- | 500000 |
| റാന്നി പെരുനാട് ഗ്രാമ പഞ്ചായത്ത് (262/24) | 100000 | 700000 |

ഗ്രാമപഞ്ചായത്ത് 700000 രൂപ ബ്ലോക്ക് ഫണ്ട് വകയിരുത്തിയപ്പോൾ ( പഞ്ചായത്ത് വകയിരുത്തിയത് 500000 രൂപ മാത്രമാണ്. പ്രോ പ്രവർത്തനങ്ങൾ കൃത്യമായ രീതിയിൽ നടത്തുന്നില്ല എന്ന് ഇത് സമയപരിധിക്കുള്ളിൽ ബില്ലുകൾ സമർപ്പിച്ച് കരാ ഭക്ഷണവിതരണത്തിനുള്ള തുക നൽകാൻ സാധിച്ചിട്ടില്ല. നില ഭക്ഷണവിതരണത്തിന്റെ തുക കരാറുകാർക്ക് നൽകിയിട്ടില്ല പ്രവർത്തനങ്ങൾ കൃത്യമാക്കിയും, ആവശ്യമായ രേഖകൾ സമയ പ്രോജക്ടുകൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഏറ്റവും കൂടുതൽ തീർത്ഥാടകർ സന്ദർശിക്കുന്ന ശബരി ഗ്രാമപഞ്ചായത്താണെങ്കിലും, തീർത്ഥാടനകാലത്ത് ഗ്രാമപഞ്ചായത്ത് അപേക്ഷിച്ച് നാമമാത്രമായ തുകയാണ് പഞ്ചായത്തിന് ശബരിമ ലഭ്യമായിട്ടുള്ളത്. തനത്ഫണ്ടിന്റെ ശുഷ്കമായ അവസ്ഥ ഗ്രാമപഞ്ച നിലയെ അതീവ ദുർബ്ബലമാക്കിയിരിക്കുകയാണ്.

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകൾ ( കുറവുവന്നതിനാൽ സർക്കാർ ഗ്രാന്റുകളുടെ ചെലവ് ശതമാന തൽഫലമായി അടുത്ത സാമ്പത്തിക വർഷം ഷോർട്ട്ഫോൾ ഉണ്ട വികസനഫണ്ട് (എസ്.സി.പി, റ്റി.എസ്.പി), മെയിന്റനൻസ് ഗ്രാന് എന്നിവകളിൽ 80%ചെലവ് കൈവരിക്കാൻ സാധിച്ചിട്ടില്ല.പദ്ധതി അ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. അന്തിമ അലോട്ട്മെന്റ് ലഭ്യമാക ബിൽ സ്വീകരിക്കുന്നതിൽ നിയന്ത്രണമേർപ്പെടുത്തിയതും പരിധികൈവരിക്കാൻ സാധിക്കാതിരുന്നതെന്ന് എക്സിറ്റ് മീറ്റിംഗ് അലോട്ട്മെന്റ് വൈകിവന്നതും, ട്രഷറി നിയന്ത്രണം വന്ന അവസ്ഥ ഗ്രാമപഞ്ചായത്തിന്റെ അലോട്ട്മെന്റ് കുറയ്ക്കുന്നവേളയിൽ പരി ഓഡിറ്റ് വിലയിരുത്തുന്നു. ഗ്രാമവണ്ടി പദ്ധതി നടപ്പാക്കാൻ ഗ്രാ നൽകിയപ്പോൾ തനത്ഫണ്ട് വിനിയോഗിച്ച് നടപ്പാക്കാൻ നിർദ്ദേശ ആയത് പാലിക്കാതെ വികസനഫണ്ടിൽ നിന്നാണ് ചെലവ് ചെയ്തി നിർവ്വഹണം നടത്തിയ പ്രോജക്ടുകളിന്മേൽ കൃത്യമായി മേ നിർവ്വഹണവും മോണിട്ടറിംഗും കാര്യക്ഷമമാക്കുവാൻ കൂടുതൽ ശ്രദ്ധ

## <u>1-6 തൊഴിലുറപ്പ് പദ്ധതി</u>

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് |
|---|---|---|---|---|
| ഭരണ ചെലവുകൾ | 51933 | 2912863 | 2964796 | 1621840 |

| | | | | |
|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 37394198 | 37394198 | 37394198 |
| ആകെ | 51933 | 40307061 | 40358994 | 39016038 |

ഭരണ ചെലവുകളുടെ വരവ് ചെലവ് കണക്കിൽ പഞ്ചായത്തിൽ ന ആയതിന്റെ റീകൂപ്മെന്റും ഉൾപ്പെടുന്നു.

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് തൻവർഷം ചെലവഴിച്ച വിവിധ ക്ഷേമ പദ്ധതികളു ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ഗുണഭോക്താക എണ്ണം |
|---|---|
| കർഷക തൊഴിലാളി പെൻഷൻ | 198 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 290 |
| വിധവാപെൻഷൻ | 1231 |
| വാർദ്ധക്യകാല പെൻഷൻ | 2910 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 17 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാ പരിശോധന 06.12.24 തീയതിയിൽ 11:42-ന് ഉത്തരവാദപ്പെട്ട ഉദ്യോഗ നടത്തുകയുണ്ടായി. പരിശോധനയിൽ 1400 രൂപ (ആയിരത്ത നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ ചുവടെ ചേർ

. തൊഴിൽ നികുതി രജിസ്റ്റർ, ലേല രജിസ്റ്റർ, വാടക രജിസ്റ്റർ ഉൾപ്പെടെ അനുബന്ധരജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കേണ്ടത സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

. ജോലി വിഭജന ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ നൽകിയിട്ടുണ്ട്. ജീവനക്കാർ സ്ഥലംമാറി പോകുമ്പോൾ കൈമാറുന്നുണ്ടെന്നും ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

. ഗ്രാമപഞ്ചായത്തിന്റെ പുറമ്പോക്ക് ഭൂമികൾ സംബന്ധിച്ച് പരിപാലിക്കുന്നില്ല.

. ആസ്തി രജിസ്റ്റർ, തെരുവ് വിളക്ക് മെയിന്റനൻസ് രജി പരിപാലിക്കുന്നില്ല.

. സ്യൂട്ട് രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ഓഡിറ്റ് റിക്കവറി ര ഹാജരാക്കിയിട്ടില്ല.

. ഓഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടു അവശേഷിക്കുന്നതുമായ എല്ലാ ഖണ്ഡികകളും തീർപ്പാക്കു സ്വീകരിക്കേണ്ടതാണ്.

. സഞ്ചയ സോഫ്റ്റ്-വെയർ പ്രകാരമുള്ള കണക്കുകളും ILGMS ( തമ്മിൽ പൊരുത്തപ്പെടുന്നില്ല.

. ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ കാലാവധി 6-11-2022-ൽ അവ പുതുക്കിയിട്ടില്ല.

. 6-12-2024 പ്രാബല്യത്തിൽ ഐ.എൽ.ജി.എം.എസിൽ ലഭ്യമായ കണ തീർപ്പാക്കുവാൻ അവശേഷിക്കുന്നു.

. മുൻവർഷങ്ങളെ അപേക്ഷിച്ച് തനതുവരുമാനത്തിൽ പുരോഗതി റവന്യു വരവുകൾ 100% പിരിവിലെത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

. പെർമിറ്റ് ഫയലും, നമ്പറിംഗ് ഫയലും ക്ലബ്ബ് ചെയ്ത് സൂക്ഷിക്കേണ്ടതാ

. ക്രമവൽക്കരണത്തിന് കെ.പി.ബി.ആർ. 2019 ചട്ടത്തിലെ അനുബ രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

. അനധികൃത കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകുന്ന അവസരത വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ കൂട്ടിച്ചേർക്കൽ റ അംഗീകാരത്തോടെയായിരിക്കേണ്ടതാണ്. അനർഹരെ ഒഴിവാ ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്.

. ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ രേഖപ്പെടുത്തലുകളും വരുത്തി കാലികവും ആധികാരികവുമാക്കേ

. പല വർക്കിംഗ് ഗ്രൂപ്പുകളും കേവലം പേരിനുള്ളവ മാത്രമാണ്. മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണ പ്രവർത്തിക്കണം എന്ന് സർക്കാർ നൽകിയ മാർഗ്ഗനിർദ്ദേശം പാലിക്ക

. സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായ ഉറപ്പുവരുത്തേണ്ടതാണ്.

. വിവരാവകാശ നിയമപ്രകാരം പരിപാലിക്കപ്പെടുന്ന രജിസ്റ്റർ Circula 20.05.2016 പ്രകാരമായിരിക്കേണ്ടതാണ്.

. സേവനാവകാശ നിയമ രജിസ്റ്റർ 27.10.2012-ലെ ജ.ഒ.(പി)56/20 ഉത്തരവിലെ അനുബന്ധമായി നൽകിയിട്ടുള്ള മാതൃകയിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

. പരാതി രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതും, എല്ല പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപേക്ഷകന് നൽകേണ്ടതുമാണ്.

. സെക്രട്ടറി തസ്തികയിൽ 6-4-2023 മുതൽ 17-4-2023 വരെയും, അസി. 2023 മുതൽ 14-4-2023 വരെയും ആർക്കും ചുമതല നൽകിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ് കാലയള |
|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.03.2017 | 2011-12 മുതൽ 2015-16 വ |
| പെർഫോമൻസ് ഓഡിറ്റ് | 18.04.2022 | 04/2021 മുതൽ 12/2021 വ |

## 1-11 തനത് വിഭവ സമാഹരണം - അവലോകനം

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ്, കെട്ടിട വാടക, ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് എന്നിവയാണ് പഞ്ചായത മാർഗ്ഗങ്ങൾ. വാർഷിക ധനകാര്യ പത്രിക പ്രകാരം 2023-24 സാമ്പ വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, പിരിവ് ശതമാനം എന്നിവ ചുവ

| വരവിനം | ഡിമാന്റ് | കളക്ഷൻ | പ ശ |
|---|---|---|---|
| വസ്തുനികുതി (തൻവർഷം) | 3041010 | 2712028 | 8 |
| തൊഴിൽ നികുതി | 2215080 | 2215080 | |
| ലൈസൻസ് ഫീസ് | 629490 | 629490 | |
| കെട്ടിട വാടക (തൻവർഷം) | 557664 | 471813 | 8 |
| ബിൽഡിംഗ് പെർമിറ്റ് ഫീസ് | 292931 | 292931 | |
| ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് | 369002 | 369002 | |





തനത് വരുമാനത്തിൽ വിവിധ നികുതി/നികുതിയേതര വരവിനങ്ങളുടെ പങ്ക്

തൻവർഷം വസ്തുനികുതി, കെട്ടിട വാടക എന്നിവയുടെ പിരിവ് താഴെയാണ്. ധനകാര്യ വകുപ്പിന്റെ 18-10-2022-ലെ സ.ഉ.(എം.എസ്.)179/ ഒരു സാമ്പത്തിക വർഷം ഡിമാന്റ് ചെയ്യുന്ന തനത് പിരിച്ചെടുക്കാതിരുന്നാൽ തുടർവർഷം ഗ്രാന്റ് തുകയിൽ ( വരുത്തുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നികുതി/നികുതിയേതര വരുമാന ന വികസന ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

കഴിഞ്ഞ മൂന്ന് വർഷം നികുതി/നികുതിയേതര ഇനങ്ങളിൽ തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വരവിനം | 2021-22 | 2022-23 | 2 |
|---|---|---|---|
| വസ്തുനികുതി (തൻവർഷം) | 1800976 | 1905855 | 2 |
| തൊഴിൽ നികുതി | 2118398 | 1647615 | 2 |
| ലൈസൻസ് ഫീസ് | 389450 | 407500 | |
| കെട്ടിട വാടക (തൻവർഷം) | 444551 | 403082 | |
| ബിൽഡിംഗ് പെർമിറ്റ് ഫീസ് | 93415 | 67158 | |
| ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് | 82600 | 29822 | |




2021-22 മുതൽ 2023-24 വരെയുള്ള നികുതി/നികുതിയേതര പിരിവ്

മുൻ വർഷങ്ങളെ അപേക്ഷിച്ച് 2023-24-ൽ എല്ലാ നികുതി/നികുത വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## തനത് വിഭവ സമാഹരണത്തിലെ പൊതുവായ അപാകതകൾ

. വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല.

. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല.

. ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക സൂപ്പർവൈസർമാർ, വാഹന ഉടമകൾ തുടങ്ങിയവരുടെ ( സൂക്ഷിക്കുന്നില്ല. പ്രൊഫഷണലുകളുടെ പട്ടിക സ്ഥാപനം തയ്യാറാക

. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ വരുമാന സംബന്ധിച്ച യാതൊരു നിർദ്ദേശങ്ങളും ധനകാര്യ അവതരിപ്പിക്കപ്പെടുകയോ, ചർച്ച ചെയ്യപ്പെടുകയോ ചെയ്തിട്ടില്ല.

. പാഴ് വസ്തുകളുടെ ലേല നടപടികൾ പൂർത്തീകരിച്ച് തനത് ഫണ്ടിലേ

## ഓഡിറ്റ് നിർദ്ദേശങ്ങൾ

. 17.04.23 തീയതിയിലെ ഡിഎ1/287/2022-തസ്വഭവ നമ്പർ സർക്കുലർ പ്ര വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ന ചലഞ്ച്' മുഖേന കേരളത്തിലെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥ കേന്ദ്രമെങ്കിലും വികസിപ്പിക്കാനുള്ള നടപടി സ്വീകരിക്കേണ്ടത 01.11.23 തീയതിയിലെ ഡിഎ1/287/2022-തസ്വഭവ നമ്പർ സർക്കുലർ പ്ര വിഹിതം പഞ്ചായത്തിന് വേണ്ടി സ്വകാര്യ വ്യക്തി മുതൽമുടക്കു അനുമതി നൽകിയിട്ടുണ്ട്. സ്വകാര്യ വ്യക്തികളുടെ പങ്കാളിത്ത പരിധിയിയിൽ ഇക്കോ ടൂറിസത്തിന് സാധ്യതയുള്ള പ്രദേശങ്ങ ആവിഷ്കരിക്കുന്നത് പ്രാദേശിക വികസനത്തിനും തനത് സഹായകമാകും.

. വസ്തു നികുതി കൃത്യമായി നിർണ്ണയിക്കുന്നതിന് ജി.ഐ.എസ്. അധ ഉപയോഗിക്കാവുന്നതാണ്.

. വസ്തുനികുതി പരിഷ്കരണത്തിനുള്ള നടപടികൾ വേഗത്തിലാക്കേ നിർണ്ണയിക്കപ്പെട്ടതിനുശേഷം അവയുടെ തറ വിസ്തീർണ്ണത്തിലേ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തു നികുതി പുതുക നടപടികൾ സ്വീകരിക്കണം.

. ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴി പഞ്ചായത്ത് പരിധിയിലെ മുഴുവൻ വ്യാപാര വ്യവസായ ( അടിസ്ഥാനത്തിൽ നമ്പർ നൽകി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാറ

. സാമ്പത്തിക വർഷാരംഭത്തിൽതന്നെ വസ്തുനികുതി സമാഹരിക പഞ്ചായത്ത് ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് അസിസ്റ്റ നൽകേണ്ടതുമാണ്.

. നികുതി പിരിവിന്റെ പുരോഗതി എല്ലാ മാസവും ആദ്യം കൂടു സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തേണ്ടതാണ്.

. തനത് ഫണ്ടിൽനിന്നുള്ള അനാവശ്യ ചെലവുകൾ കുറയ്ക സ്വീകരിക്കണം. മുഴുവൻ തെരുവ് വിളക്കുകൾക്കും മീറ്റർ സ്ഥ ബജറ്ററി നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടു

ഗ്രാമപഞ്ചായത്തിലുൾപ്പെടുന്ന പ്രധാന തീർത്ഥാടന കേന്ദ്രമാ
തൊഴിൽ നികുതിയിനത്തിലുള്ള വരുമാനം മാത്രമാണ് ലഭിക്കുന്നത
തുക ഗ്രാമപഞ്ചായത്തിന് ചെലവിടേണ്ട സാഹചര്യം ഉണ്ടാകു
സ്ഥലങ്ങളിലും ഉള്ള കെട്ടിടങ്ങളുടെ നികുതി ലഭിക്കാത്തത്
വരുമാനത്തിൽ വൻ കുറവാണ് സംഭവിക്കുന്നത്. ആയത് ലഭി
സ്വീകരിക്കാവുന്നതാണ്.

## 1-12 വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചില്ല

